

# ഭാരതപ്പുഴ ചരിത്രം, വർത്തമാനം അതിജീവനം

ഡോ. സതീഷ്ചന്ദ്രൻ നായർ

(കഴിഞ്ഞലക്കം തുടർച്ച)

**ജൂൺ 6, 7 തീയതികളിൽ തൃശൂർ കിലയിൽ നടന്ന ഭാരതപ്പുഴയുടെ പുനരുജ്ജീവനത്തിനായുള്ള ജനകീയ കൂട്ടായ്മയിൽ ഗ്രൂപ്പ് ചർച്ചയ്ക്കായി അവതരിപ്പിച്ച സമീപനരേഖ.**

പാലക്കാടൻ സമതലത്തിൽ ഭാരതപ്പുഴത്തടത്തിൽ പ്രത്യേകച്ച് എക്കൽ കലർന്ന മണലും മണ്ണുമടിയുന്ന പട്ടാമ്പിക്കു താഴെയുള്ള പ്രദേശത്ത് വേനൽക്കാലമാസങ്ങളിൽ നദിക്കുള്ളിലെ മണൽത്തിട്ടകളിൽ പച്ചക്കൃഷി വ്യാപകമായി ഉണ്ടായിരുന്നു. തൃശൂർ-മലപ്പുറം ജില്ലകളിൽ പെടുന്ന ഭാരതപ്പുഴത്തടത്തിലും ഇതുണ്ടായിരുന്നു. മണൽവാരി നദീതടനിക്ഷേപങ്ങൾക്ക് മാറ്റം വരുന്നതുകൊണ്ട് ഈ കൃഷി ഇല്ലാതാവുകയാണ്. ഒരാവാസവ്യവസ്ഥയെ സൂക്ഷ്മമായി അറിഞ്ഞ് അതിന്റെ പ്രയോജനകരമായ വശങ്ങൾ സൂക്ഷിച്ചുപയോഗിക്കുകയാണ് യഥാർത്ഥ മനുഷ്യ പുരോഗതി. ഇതിനൊരു ഉത്തമദൃഷ്ടാന്തമാണ് പുഴയ്ക്കുള്ളിലെ കൃഷി.

രണ്ടാം ഗ്രൂപ്പിന്റെ ചർച്ചാവിഷയം ഭാരതപ്പുഴത്തടത്തിലെ വനആവാസവ്യവസ്ഥകൾ നേരിടുന്ന പ്രശ്നങ്ങളും ജൈവവൈവിദ്ധ്യസംരക്ഷണവുമാണ്. ഒപ്പം നൈസർഗിക ആവാസവ്യവസ്ഥകളെ കൂടുതലാശ്രയിക്കുന്ന ആദിവാസിസമൂഹങ്ങളുടെ വികസനവും അത് എങ്ങനെ ഭാരതപ്പുഴ പുനഃസ്ഥാപനവുമായി സമരസപ്പെടുത്താമെന്നതും.

ഇന്ന് ഭാരതപ്പുഴത്തടത്തിൽ സ്വാഭാവിക ഭൂപ്രദേശമെന്ന് വിളിക്കുന്നത് അവിടെ മനുഷ്യൻ ഇടപെട്ടിടേടയില്ലാത്ത തനിമയുള്ള ആവാസവ്യവസ്ഥകൾ (Benchmark Ecosystems) നിലനിൽക്കുന്ന ഇടങ്ങൾ എന്ന അർത്ഥത്തിലല്ല. അത്തരം നിത്യഹരിതവനങ്ങളും മലത്തലപ്പിൽ 1800 മീറ്ററിനു മേൽ ഉയരമുള്ള പ്രദേശങ്ങളിൽ കാണുന്ന ചോലക്കാട്-പുൽപ്പരപ്പ് ആവാസവ്യവസ്ഥകളും (Shola Grassland Ecosysytems) ഈ നദീത്തടത്തിലിന്ന് കഷ്ടിച്ച് 200 ച. കി മീ ഭൂപ്രദേശത്തു മാത്രമേ ബാക്കിയുള്ളു. അതു പോലും ഏറെ തുണ്ടുകളായി ചിതറിയ ശിഷ്ടപ്രദേശങ്ങൾ (Residual Habitats) ആണുതാനും. അവയിൽ മിക്കതിനും ഇന്നത്തെ പെട്ടെന്നു മാറുന്ന ആഗോളപരിസ്ഥിതിക സാഹചര്യത്തിൽ അധികകാലം പിടിച്ചു നിൽക്കാനുമാവില്ല. മനുഷ്യന്റെ തെറ്റായ ഇടപെടലുകളില്ലെങ്കിൽ മെല്ലെയാണെങ്കിലും സ്വയം പരിസ്ഥിതി പുനഃസ്ഥാപനം നടന്നേക്കാൻ സാധ്യതയുള്ള ഏകദേശം 1500 ച.കി.മീ ഭൂപ്രദേശം ഭാരതപ്പുഴത്തടത്തിലുണ്ട്. പാലക്കാട് ചുരത്തിനു തെക്ക് തമിഴ്നാട്ടിലെ ആനമലക്കുന്നുകളിലും ചുരത്തിനു വടക്ക് കേരളത്തിൽ വാളയാർ, മലമ്പുഴക്കുന്നുകളിൽ തുടങ്ങി പശ്ചിമഘട്ടത്തലപ്പിലൂടെ (Right line) സൈലന്റ്

വാലി പീഠഭൂമിയുടെ പുറംചരിവുകൾ വരെ ഇത്തരം ഭൂപ്രദേശമുണ്ട്. ചില ശുഷ്ക്ക വനഭൂമികളിൽ വളരെ കരുതലോടെയുള്ള പരിസ്ഥിതി പുനഃസ്ഥാപനം പരീക്ഷണാടിസ്ഥാനത്തിൽ നമുക്ക് ചെയ്തുതുടങ്ങാനാവും.

ഇന്നുള്ള ഈ വനഭൂമി അല്ലെങ്കിൽ വനമായിരിക്കേണ്ടുന്ന പൊതുഭൂമികളെല്ലാം ഭാരതപ്പുഴത്തടത്തിൽ ഏറ്റവും മഴകിട്ടുന്ന ഉയർന്ന ജലസംഭരണപ്രദേശങ്ങളിലാണ് താനും. ഇവ ഒരു പക്ഷേ കേരളത്തിലെ ഏറ്റവും പാരിസ്ഥിതിക ലോല (Ecologically fragile) പ്രദേശങ്ങളും ഒപ്പം ലോകത്തെ ജൈവസമ്പന്നമായ പ്രദേശങ്ങളിൽ ഒന്നുമാണ്. ഈ പ്രദേശങ്ങളിലെ പാരിസ്ഥിതിക ആരോഗ്യത്തെ ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും പ്രശ്നപരിഹാര സാധ്യതകളെക്കുറിച്ചും ചർച്ച ചെയ്യുന്നത് രണ്ടാം ഗ്രൂപ്പാണ്. ആവാസവ്യവസ്ഥകളുടെ ജൈവസമ്പന്നതയെ കൂടുതൽ ആശ്രയിച്ച് ജീവിക്കുന്ന ആദിവാസിസമൂഹങ്ങൾ ഭാരതപ്പുഴത്തടത്തിലുമുണ്ട്. ആദിവാസിസമൂഹത്തിന്റെ വികസനപ്രശ്നങ്ങളും ഭാരതപ്പുഴസംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങളും ഈ ഗ്രൂപ്പ് തന്നെയാണ് ചർച്ച ചെയ്യുക. ജൈവവൈവിദ്ധ്യം ഏറ്റവും തനിമയിലും സമ്പന്നതയിലും ഇന്ന് നിലനിൽക്കുന്നത് നൈസർഗ്ഗികവനങ്ങളിലാണെങ്കിലും വനങ്ങൾക്ക് പുറത്ത് എല്ലായിടത്തും ജൈവവൈവിദ്ധ്യം ഏറിയും കുറഞ്ഞും നിലനിൽക്കുന്നുണ്ട്. മനുഷ്യന് പുനഃസൃഷ്ടിക്കാനാവാത്ത ജൈവസമ്പത്തിന്റെ ഭാരതപ്പുഴത്തടത്തിലെ ഇന്നത്തെ സ്ഥിതിയെക്കുറിച്ചും അതിന്റെ ഭാവി സംരക്ഷണവും നദീസംരക്ഷണവുമായി ബന്ധപ്പെടുത്തുന്നതിനെക്കുറിച്ചുമുള്ള ചർച്ചകളും രണ്ടാം ഗ്രൂപ്പിൽ തന്നെയായിരിക്കും.

ഭാരതപ്പുഴത്തടത്തിലെ വനസംരക്ഷണപ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്തം വളരെ കൂടുതലാവസ്യമാണ്. ഇവിടത്തെ ജനസമൂഹത്തിന്റെ ജീവസന്ധാരണപ്രവർത്തനങ്ങളിൽ വനാശ്രിതത്വം കൂടുതലുള്ളതുകൊണ്ടു മാത്രമല്ലത്. ഭാരതപ്പുഴയുടെ ആരോഗ്യത്തിന് വന്യആവാസവ്യവസ്ഥകളുടെ സംരക്ഷണം ഇന്നു ലഭ്യമായതിലും വളരെ കൂടുതൽ ആവശ്യമാണ്. ഇതിലുപരി ഇന്നുള്ള ശോഷിച്ച വനങ്ങളുടെ കിടപ്പുകൊണ്ടുതന്നെ അവയെ സംരക്ഷിക്കാൻ ജനസന്നദ്ധതയ്ക്കേ കഴിയൂ എന്നു കാണാം. ഈ നദീതടത്തിൽ വിശാലമായ വനഭൂമികളേയില്ല. പാലക്കാടു ചുരത്തിന്റെ തെക്കും വടക്കും അതിരുകളിൽ നേർത്ത പാട പോലെ ചെങ്കുത്തായ മലഞ്ചരിവിൽ പലയിടത്തും തുടർച്ച നഷ്ടപ്പെട്ട് ക്ഷയിച്ച വനങ്ങളെ ബാക്കിയുള്ളൂ. ഇവിടെയെല്ലായിടത്തും വനാതിർത്തിയിലുള്ള മനുഷ്യർക്ക് എളുപ്പം കടന്നുചെല്ലാം. ഈ നദീതടത്തിൽ പലയിടങ്ങളിലും പ്രത്യേകിച്ച് വടക്കുപടിഞ്ഞാറ് ഭാഗത്ത് ഒട്ടേറെ ചെറിയ തുണ്ടുകളായുള്ള നിക്ഷപ്തവനഭൂമി ബാക്കിയുണ്ട്. കാലിമേയ്ക്കലും വിറകുവെട്ടലും പച്ചിലവളം ശേഖരിക്കലും ഇതിൽ മിക്കയിടങ്ങളിലും കാടുകളെ ക്ഷയിപ്പിച്ചുകൊണ്ടിരിക്കുന്നു. ശക്തമായ കാറ്റും ചൂടും എല്ലാ വർഷവുമുള്ള മനുഷ്യനെക്കാരണമുള്ള കാട്ടുതീയും വനപ്രദേശമെന്നു വിളിക്കുന്ന പ്രദേശത്തെ മികവാറും തൂന്ന കുറ്റിക്കാടുകളാക്കി മാറ്റിയിരിക്കുന്നു. ടൂറിസമെന്ന പേരിൽ ഇനി ബാക്കി നിൽക്കുന്ന കാടുകൾക്കുള്ളിലേക്കും അനിയന്ത്രിതമായ കടന്നുകയറ്റമാണ് നടക്കുന്നനത്. വനസംരക്ഷണത്തിന്റെ ആവശ്യകത പൂർണ്ണമായി ഉൾക്കൊണ്ട ഗ്രാമസമൂഹത്തിനേ ഈ നാശത്തെ ചെറക്കാനും തിരുത്താനും കഴിയൂ.

ഭാരതപ്പുഴത്തടത്തിൽ കാടുകൾക്കു പുറത്ത് സമ്പന്നമായ ജൈവവൈവിദ്ധ്യം ഇന്നു നിലനിൽക്കുന്നുമുണ്ട്. കാവുകളിലും കുളങ്ങളിലും വലിയ കൃഷിയിടങ്ങളിലും ഇന്നും കാണാനാവുന്നു. എന്നാൽ അതിവേഗം അപ്രത്യക്ഷമാകുന്ന ഈ സമ്പന്നത നദീതടത്തിന്റെ ആരോഗ്യത്തിന് ഏറ്റവും ആവശ്യവുമാണ്. പാലക്കാടൻ വരൾച്ച ചെറക്കാനും പുഴയെ പുനരുജ്ജീവിപ്പിക്കാനും ഈ നദീത്തടതത്തിലെ എല്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഓരോ ഉപവനം വളർത്തൽ സംരക്ഷിക്കാം.

കാർഷിക വൈവിദ്ധ്യമേറെയുള്ള ഭാരതപ്പുഴത്തടത്തിൽ ഇവിടുള്ള കാർഷികവിളകളുടെ തദ്ദേശിയ ഉപജാതികളും പ്രത്യേകയിനങ്ങളും (Geograpical races and cultiars) തിരിച്ചറിഞ്ഞ് സംരക്ഷിക്കേണ്ടത് അടിയന്തരമായി ചെയ്യേണ്ടുന്ന ഒരു ജൈവവൈവിദ്ധ്യസംരക്ഷണപ്രവർത്തനമാണ്. ഇതു ചെയ്യേണ്ടത് കൃഷിവകുപ്പോ കാർഷികസർവ്വകലാശാലയോ അല്ല, മറിച്ച് കാർഷികസമൂഹമാണ് അതിനു മുൻകൈയ്യെടുക്കേണ്ടത് വിവേകമുള്ള സമൂഹനേതൃത്വവും.

ഭാരതപ്പുഴയുടെ മത്സ്യസമ്പത്തും പുഴത്തടമുപയോഗിച്ചുള്ള ദേശാടനപ്പറവകളും പുഴയോരസസ്യസമൂഹങ്ങളും പുഴയുടെ പടിഞ്ഞാറെയറ്റത്തുള്ള തണ്ണീർത്തടങ്ങളും ഇന്നുള്ള നിയമ-ഭരണസഹകരണമുണ്ടെങ്കിൽ വളരെയേറെ ക്രിയാത്മകമായി പ്രവർത്തിക്കാൻ കഴിയും. ജലസൃദ്ധിയുടേയും ജൈവസമ്പന്നതയുടേയും നടുവിൽ ജീവിച്ചിരുന്ന നമുക്ക് അവയെ സംരക്ഷിക്കാൻ താൽപര്യമോ അവയോട് ആദരവോ ഇന്നില്ല. ഈ സംരക്ഷണച്ചുമതല നാമറിഞ്ഞു നിറവേറ്റുന്നതിന്റെ ആവശ്യകത സമൂഹത്തിൽ പ്രചരിപ്പിക്കുകയാണ് ഇന്നേറ്റവും ആവശ്യം. പ്രകൃതിയിൽ നിന്നുള്ള നമ്മുടെ അന്യവൽക്കരണമാണ് ഭാരതപ്പുഴയുടെ മരണത്തിനും പ്രധാന കാരണം.

മൂന്നാം ഗ്രൂപ്പിന്റെ ചർച്ചാവിഷയം ഭാരതപ്പുഴത്തടത്തിലെ ജലസമ്പത്താണ്.

ജീവന്റെ, മനുഷ്യന്റെ, നിലനിൽപ്പ് ജലലഭ്യതയെ പൂർണ്ണമായും ആശ്രയിച്ചാണ്. ഒരു നദീത്തടത്തിലെ ജലലഭ്യതയുടെ വളരെ ചെറിയ ഏറ്റക്കുറച്ചിലുകൾ പോലും അവിടത്തെ നാഗരിക സംസ്കാരങ്ങളെ വളരെ വിനാശകരമായി ബാധിക്കും. ഇതു തന്നെയാണ് 21-ാം നൂറ്റാണ്ടിന്റെ ആരംഭം തുടങ്ങി ആഗോളകാലാവസ്ഥാമാറ്റം ലോകത്തെല്ലായിടത്തും ഉയർത്തുന്ന ഏറ്റവും വലിയ പ്രതിസന്ധി.

(തുടരും)

*പി.ബി. - 2230, തിരുവനന്തപുരം - 10*


**പുസ്തകം ഇറങ്ങുന്നു**

**അതിരപ്പിള്ളി, ചാലക്കുടി പുഴ**

പഠനം, നിരീക്ഷണം, അനുഭവം, ഓർമ്മ, യാത്ര, ഫോട്ടോകൾ, പെയിന്റിങ്, സ്കെച്ച്, കവിതകൾ..... വൈകാതെ പ്രതീക്ഷിക്കുക.

താങ്കൾക്കും പങ്കുചേരാം. എഴുതുക:

കേരളീയം പുസ്തകശാല,
കൊക്കാലെ, തൃശൂർ-21